**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6382** **20-03-2023 - ൽ മറുപടിയ്ക്ക്**

**കാട്ടുതീ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാട്ടുതീ കാരണം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി വേനൽകാലത്തുണ്ടാകുന്ന കാട്ടുതീ കൂടുതലായും ഉണങ്ങിയ പുൽമേട്ടുകളെയും അടിക്കാടുകളെയുമാണ് ബാധിക്കുന്നത്. ഈ വർഷം നാളിതുവരെ കാട്ടുതീ കാര്ണം 52,500/- രൂപയുടെ നഷ്ടം ഉണ്ടായി ട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | കാട്ടുതീ പ്രതിരോധിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | സംസ്ഥാന വനം വകുപ്പിന് കീഴിലുള്ള എല്ലാ സർക്കിളുകളിലും റെയിഞ്ച് തലം മുതൽ ഫയർ സീസ്സണുകളിൽ നടപ്പാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച ഫയർ മാനേജ്മെന്റ് പ്ലാൻ മുൻകൂറായി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. മുൻകാല ഫയർ ഇൻസിഡൻറുകളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യത കുറവായ മേഖല എന്നിങ്ങനെ തരം തിരിച്ച് ഫയർ ബ്ലോക്കുകൾ തയ്യാറാക്കുന്നു. ഓരോ മേഖലകളിലെയും സാദ്ധ്യതയ്ക്കനുസരിച്ച് ബന്ധപ്പെട്ട ഫയർപ്ളാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ (ടി പ്രദേശത്തെ ഇന്ധന ശേഷി കുറയ്ക്കുന്നതിനുള്ള നടപടികൾ, ഫയർ ബ്രേക്ക് നിർമ്മാണം, ഫയർലൈൻ നിർമ്മാണം, ഫയർ ഗ്യാങ്ങുകളെ നിയോഗിക്കുക തുടങ്ങിയവ) നടപ്പിലാക്കുകയും ഫയർ വാച്ചർമാരെ സുരക്ഷക്കായി നിയോഗിക്കുകയും ചെയ്തു വരുന്നു. ഇക്കോ ഡെവലപ്പ്മെൻറ് കമ്മിറ്റി (EDC)/ വന സംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ഗ്യാങ്ങുകളെ സൃഷ്ടിക്കുകയും ആവശ്യാനുസരണം ടിയാൻമാരെ കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്യുന്നു. ട്രക്ക് പാത്തുകളും കൂപ്പ റോഡുകളും നവീകരിച്ച് ഉൾക്കാട്ടുകളിൽ വേഗത്തിൽ എത്തി |

| | | | |
|---|---|---|---|
| | | | കാട്ടുതീകണ്ടെത്തി തടയുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ബ്ലോക്ക് തലം മുതൽ സർക്കിൾ തലം വരെ ഫയർ കൺട്രോൾ റൂമുകൾ (CRs)രൂപീകരിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വനം ഹെഡ്ക്വാർട്ടേഴ്സിൽ സ്റ്റേറ്റ് ഫയർ മോണിറ്ററിങ് സെൽ (SFMC) പ്രവർത്തിക്കുന്നുണ്ട്. |
| (സി) | കാട്ടുതീയെത്തുടർന്ന് വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്കിറങ്ങുന്നതിനുള്ള സാദ്ധ്യത മുന്നിൽക്കണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (സി) | കേരളത്തിലെ വനങ്ങളിൽ ഉണ്ടാകുന്ന കാട്ടുതീ കൂടുതലായും ഉണങ്ങിയ പുൽമേടുകളെയും അടിക്കാടുകളെയുമാണ് ബാധിക്കുന്നത്. സാധാരണയായി ഇത്തരത്തിൽ ഉണ്ടാകുന്ന കാട്ടുതീയിൽ വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ ഇറങ്ങുന്നതിനുള്ള സാഹചര്യം ഉണ്ടാകാറില്ല. എന്നിരുന്നാലും കാട്ടുതീ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വനത്തിനുള്ളിലെ ജലലഭ്യത നിലനിർത്തുന്നതിനായി മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, തടയണ നിർമ്മാണം, ജല സ്രോതസ്സുകളുടെയും, കുളങ്ങളുടെയും സംരക്ഷണം, ഫയർലൈൻ തെളിക്കൽ, ഫയർ ഗ്യാങ്ങുകൾ ഉൾപ്പെടെ നിയോഗിച്ചുള്ള നിരീക്ഷണ സംവിധാനങ്ങൾ തുടങ്ങിയ കാര്യങ്ങൾ വനം വകുപ്പ് ചെയ്തുവരുന്നുണ്ട്. കൂടാതെ വന്യ മൃഗങ്ങളുടെ സാന്നിധ്യം കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന ജനവാസ മേഖലകളിൽ ആയത് നിരീക്ഷിക്കുന്നതിനായി ഫയർ വാച്ചർമാർ, VSS/EDC അംഗങ്ങൾ, താൽക്കാലിക ജീവനക്കാർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. |
| (ഡി) | കാട്ടുതീ ഭീഷണിയെത്തുടർന്ന് കാടിനുള്ളിലെ വിനോദസഞ്ചാര പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് തീരുമാനമെടുത്തിരുന്നോയെന്ന് വിശദമാക്കാമോ? | (ഡി) | വേനൽക്കാലത്ത് വന മേഖലയിൽ കാട്ടുതീ ഉണ്ടാകാനുള്ള സാധ്യതകൾ കണക്കിലെടുത്തും, അതാത് മേഖലകളിലെ സാഹചര്യങ്ങളെ വിലയിരുത്തി കാട്ടിനുള്ളിലെ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമുള്ള നടപടികൾ ഫീൽഡ് തലത്തിൽ കൈക്കൊണ്ടു വരുന്നു.<br><br>നിലവിൽ വയനാട് വൈൽഡ് ലൈഫ് വാർഡന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വയനാട് വന്യജീവി സങ്കേതത്തെയും അതിലെ വന്യമൃഗങ്ങളെയും കാട്ടുതീയിൽ നിന്ന് രക്ഷിക്കുന്നതിനും, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി 2023 മാർച്ച് 9 മുതൽ ഏപ്രിൽ 15 വരെ വയനാട് വന്യജീവി സങ്കേതത്തിൽ സന്ദർശകർക്ക് പ്രവേശനം നിരോധിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ